# സംഘകാല സംസ്കാരത്തിന്റെ ക്രൈസ്തവസ്വഭാവം

(പൗരസ്ത്യ വിദ്യാപീഠത്തിൽ 1988 ജൂൺ 29-ാം തീയതി അവതരിപ്പിച്ച പ്രബന്ധം)

**ജെ. ജെ. മോറിസ്**

ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ്
സ്റ്റഡീസ് ഇൻഡ്യ പബ്ലിക്കേഷൻസ്
വടവാതൂർ P.O.
കോട്ടയം 686 010

# സംഘകാല സംസ്കാരത്തിന്റെ ക്രൈസ്തവസ്വഭാവം

*(പൗരസ്ത്യ വിദ്യാപീഠത്തിൽ 1988 ജൂൺ 29-ാം തീയതി അവതരിപ്പിച്ച പ്രബന്ധം)*

**ജെ. ജെ. മോറിസ്**

കേരളത്തിന്റെ ആര്യവത്ക്കരണം ക്രിസ്തവബ്ദം 8-ാം നൂററാണ്ടിനുശേഷമേ നടന്നിട്ടുള്ളുവെന്നു് പൊതുവേ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള ഒരു കാലഘട്ടമാണിതു്. ഇതു് നമ്മുടെ പഠനവിഷയത്തെ വളരെയധികം ലഘൂകരിക്കുന്നുണ്ടു്. അമ്പതു വർഷത്തിനു മുമ്പുണ്ടായിരുന്ന നമ്മുടെ ചരിത്രബോധം ഇതിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു. ഏതോ ചരിത്രാതീതകാലത്തു് പരശുരാമൻ ഗോകർണ്ണത്തുനിന്നും ഒരു മഴു എറിഞ്ഞതിന്റെ ഫലമായി കന്യാകുമാരിവരെയുള്ള ഭൂമി കടലിൽനിന്നും പൊന്തിവന്നതാണു് കേരളമെന്നും ആ പ്രദേശം അദ്ദേഹം ബ്രാഹ്മണർക്കു് ദാനംചെയ്തുവെന്നും മററുമായിരുന്നു അന്നു് പഠിപ്പിച്ചിരുന്നതു്. ഇന്നും ഹൈന്ദവരിൽ ഭൂരിഭാഗവും ഇതു് വിശ്വസിക്കുന്നവരാണു്. ഇപ്രകാരമാണു് കേരളത്തിന്റെ ഉത്ഭവമെങ്കിൽ ഇവിടെ ആദ്യകാലത്തുണ്ടായിരുന്നവർ ബ്രാഹ്മണരും അന്നത്തെ മതം ബ്രാഹ്മണമേധാവിത്വം അംഗീകരിക്കുന്ന ഹിന്ദുമതവുമായിരുന്നിരിക്കണമല്ലോ. അങ്ങനെയുള്ള ഒരു ചിന്താഗതിയുടെ അടിസ്ഥാനത്തിലാണു് നാം അമ്പതുവർഷം മുമ്പുവരെ നമ്മുടെ പൗരാണികചരിത്രത്തെ വീക്ഷിച്ചിരുന്നതു്. അമ്മാതിരിയുള്ള ഒരു ചരിത്രബോധമാണു് നമുക്കു് ഇന്നുണ്ടായിരുന്നതെങ്കിൽ നമ്മുടെ ഇന്നത്തെ പഠനവിഷയം വൈഷമ്യമേറിയതും ശ്രമകരവുമായി

രുന്നേനെ. ഭാഗ്യവശാൽ അതിൽ നിന്നെല്ലാം വളരെ വ്യത്യസ്തമായൊരു അറിവാണ് ആ പൗരാണിക ചരിത്രത്തെപ്പററി നമുക്കിന്നുള്ളത്.

8-ാം നൂററാണ്ടിനുശേഷമേ ആര്യവത്ക്കരണം കേരളത്തിൽ സംഭവിച്ചിട്ടുള്ളവെങ്കിൽ അതിനുമുമ്പ് ഇവിടുണ്ടായിരുന്ന മതം എന്തായിരുന്നു? ഇതിന് വ്യക്തമായ ഉത്തരം പറയാൻ നമ്മുടെ ചരിത്ര പണ്ഡിതന്മാർ ഇന്നു വിഷമിക്കുന്നു. പക്ഷേ അതെന്തായിരുന്നില്ല എന്നു പറയുന്നതിന് അവർക്ക് അത്രകണ്ട് വിഷമമൊന്നുമില്ലതാനും. അത് ഹിന്ദുമതമായിരുന്നില്ല എന്ന് അവർ തറപ്പിച്ചു പറയുന്നു. ഇന്ത്യയിൽതന്നെ ഹിന്ദുമതം 7-ാം നൂററാണ്ടിനുശേഷമേ രൂപംകൊണ്ടിട്ടുള്ളവെന്ന് പറയുന്ന ചരിത്ര പണ്ഡിതന്മാരുമുണ്ട്. കെ. ദാമോദരൻ പറയുന്നത് ഇപ്രകാരമാണ്: ''ക്രിസ്തുവിനു പിൻപ് 7-ാം നൂററാണ്ടിനുശേഷം ഉയർന്നുവന്ന ഹിന്ദുമതം ആര്യന്മാരുടെ പഴയ മതത്തിൽനിന്നും വളരെ വ്യത്യസ്തമാണ്. യഥാർത്ഥത്തിൽ ആര്യവൈദിക മതവിശ്വാസങ്ങളും ജൈന-ബുദ്ധ മതവിശ്വാസങ്ങളും മററും ലയിച്ചുചേർന്ന് രൂപംകൊണ്ടതാണ് ഹിന്ദുമതം (കേരള ചരിത്രം പേജ് 262). ഇക്കഴിഞ്ഞ ജനുവരിമാസം കൊല്ലത്തു നടന്ന സൗത്ത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിൻെറ സമാപനസമ്മേളനത്തിൽ ശ്രീ. അച്യുതമേനോനും ഇതേ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി (മനോരമ. ജനുവരി 12 തിരുവനന്തപുരം എഡീഷൻ). അന്ന് അവിടെ കൂടിയിരുന്ന ബഹുഭൂരിപക്ഷം ചരിത്രപണ്ഡിതന്മാരുടെയും അഭിപ്രായവും ഇതുതന്നെയായിരുന്നു.

ആര്യവത്ക്കരണത്തിന് മുമ്പുണ്ടായിരുന്ന കേരളമതം ഹിന്ദുമതമായിരുന്നില്ലെങ്കിൽ അത് മറെറന്തായിരുന്നു? ഇതാണ് ചോദ്യം. ഇതിന് ശരിക്കുള്ള ഒരുത്തരം കാണണമെങ്കിൽ ഇനിയും വളരെയധികം പയററിത്തെളിയേണ്ടിയിരിക്കുന്നു. കാരണം പരശുരാമകഥയും മററും ചരിത്ര പണ്ഡിതന്മാർ ഇന്ന് തള്ളിക്കളഞ്ഞിട്ടുണ്ടെങ്കിലും അതിൻെറ സ്വാധീനം അവരുടെ അന്തക്കരണങ്ങളിൽ

ഇന്നും കുടികൊള്ളുന്നു എന്നതുതന്നെ. ഉദാഹരണത്തിന് ശ്രീ. ഏ. ശ്രീധരമേനോൻ പറയുന്നതുതന്നെ നോക്കാം. ''ഏതെങ്കിലും ഒരു പ്രത്യേക മതസിദ്ധാന്തത്തിൽ അധിഷ്ഠിതമല്ലാത്ത ദ്രാവിഡാചാരങ്ങളായിരുന്നു പ്രാചീന കേരളീയർ പിന്തുടർന്നിരുന്നത്.... സംഘകാലത്ത് (അതായത് ക്രിസ്ത്വബ്ദം ആദ്യ നൂററാണ്ടുകളിൽ, കേരളത്തിൽ നാഗാരാധന നിലവിലുണ്ടായിരുന്നതായി തെളിവില്ല. ഏ. ഡി. 7–ാം ശതകംവരെ ഗണപതി പൂജയും ഇല്ലായിരുന്നു.... ക്രിസ്തുവർഷത്തിൻെറ ആദ്യ ശതകങ്ങളിൽ ബഹുഭൂരിപക്ഷം കേരളീയരും ദ്രാവിഡാചാരങ്ങൾ തുടർന്നുപോന്നതായിട്ടാണ് സംഘകാല കൃതികളിൽനിന്നും മനസ്സിലാകുന്നത്''. സംഘകൃതികൾ അത്ര സ്പഷ്ടമാണെങ്കിലും അന്ന് ഇവിടെ ഹിന്ദുമതവും ജൈന–ബൗദ്ധമതങ്ങളുമുണ്ടായിരുന്നുവെന്ന് പറയുന്നതിന്ന് അദ്ദേഹം മടിക്കുന്നില്ല. അദ്ദേഹം പറയുന്നു: ''കുലശേഖരന്മാരുടെ ഭരണകാലത്ത് (അതായത് ഏ.ഡി. 800–ന്ന ശേഷം) കേരളത്തിൽ ജൈന–ബൗദ്ധ മതങ്ങൾ ക്ഷയിക്കയും ഹിന്ദുമതം സുപ്രതിഷ്ഠ നേടുകയും ചെയ്തു. അക്കാലത്ത് തെക്കേ ഇന്ത്യയിൽ പ്രസരിച്ച ഹിന്ദുമത ചൈതന്യത്തെ ഹിന്ദുമതത്തിൻെറ പുനഃസ്ഥാപനമെന്നോ നവോത്ഥാനമെന്നോ വിളിക്കാനുള്ള പ്രവണതയാണ് പണ്ഡിതന്മാർ പൊതുവേ പുലർത്തിക്കാണുന്നത്. ഇത് തീർച്ചയായും ഒരു മിഥ്യാധാരണയാണ്. ഏതെങ്കിലുമൊന്ന് ഏറെക്കാലത്തേക്ക് നിശ്ചലമോ നിഷ്പ്രഭമോ ആയികിടന്നതിന്നശേഷം വീണ്ടും ശക്തിപ്രാപിച്ച് ഉയർന്നു വരുന്നതിനെയാണല്ലോ പുനരുജ്ജീവനമെന്നോ നവോത്ഥാനമെന്നോ പറയുക. യഥാർത്ഥത്തിൽ, കേരളത്തിൽ കുലശേഖര കാലഘട്ടത്തിന്നമുമ്പ് ഹൈന്ദവമതത്തിന്ന് പറയത്തക്ക പ്രാധാന്യമൊന്നും ഉണ്ടായിരുന്നില്ല. പല മതങ്ങളിലൊന്ന് എന്ന നിലയിൽ താണ പടിയിലായിരുന്നു അതിൻെറ സ്ഥാനം. ആകയാൽ കുലശേഖര ഭരണകാലത്ത് ഹിന്ദുമതം പുനഃസ്ഥാപിതമാകുകയല്ല ചെയ്തത്; നേരേ മറിച്ച് വിഘാതമായി നിന്നിരുന്ന ജൈന–ബൗദ്ധ മതങ്ങളെയും ദ്രാവിഡാരാധനാസമ്പ്രദായങ്ങളെയും കീഴ്പ്പെടുത്തി അത് കേരളത്തിലെ

പ്രമുഖ മതമെന്നനിലയിൽ ആദ്യമായി പ്രതിഷ്ഠനേടുകയാണുണ്ടായതു് (കേരള ചരിത്രം. പേജ് 189_90). ശ്രീ. മേനോനു് ഇങ്ങനെയൊക്കെ പറയാതിരുന്നുകൂടാ. കാരണം പരശുരാമകഥയും മററും ഇന്നും അദ്ദേഹത്തെ സ്വാധീനിക്കുന്നു എന്നതുതന്നെയാണെന്നു തോന്നുന്നു. ക്രിസ്തുമതം ആദ്യനൂററാണ്ടുകളിൽ ഇവിടുണ്ടായിരുന്നുവെന്നു് അദ്ദേഹത്തിൻെറ ഭാവനയിലെങ്ങും വരുന്നതുമില്ല. അദ്ദേഹത്തിൻെറ ഈ പ്രസ്താവനയിലെ പന്തികേടു് അതിൽതന്നെ പ്രകടമാണ്. ഹിന്ദുമതം ദ്രാവിഡാരാധനാ സമ്പ്രദായത്തെ കീഴ്പ്പെടുത്തിയെങ്കിൽ ദ്രാവിഡമതത്തിനു് വെളിയിലുള്ള ഒന്നായിരിക്കണമല്ലോ ഹിന്ദുമതം. ആര്യവൈദികമതം ഹിന്ദുമതമായിരുന്നില്ലതാനും. അപ്പോൾ ഹിന്ദുമതം ആ കീഴ്പ്പെടുത്തലിനുമുമ്പു് ഇവിടുണ്ടായിരുന്നുവെന്നു് എങ്ങനെ പറയാനാകും?

എ. ഡി. 800_ാമാണ്ടിനു മുമ്പുണ്ടായിരുന്ന കേരളത്തിനു് ഹൈന്ദവമതമെന്ന സങ്കല്പം അന്യമായിരുന്നു. ഹിന്ദുമതം എന്നൊന്നു് അന്നു് ദക്ഷിണേന്ത്യയിൽ ഒരിടത്തും പരാമർശിച്ചു കാണുന്നില്ല. എന്നു മാത്രമല്ല അന്നത്തെ ദക്ഷിണേന്ത്യൻ ഭാഷയിൽ 'ഹ' കാരമേ ഉണ്ടായിരുന്നില്ല. പിന്നെങ്ങനെയാണ് 'ഹിന്ദു' എന്നൊരു സംജ്ഞ ആ പൗരാണികർ രൂപപ്പെടുത്തിയെടുത്തിരുന്നുവെന്നു് സങ്കല്പിക്കുക? ആര്യവല്കരണത്തിനു ശേഷമേ 'ഹിന്ദു' എന്ന പദം കേരളത്തിൽ പ്രയോഗത്തിൽ വന്നിട്ടുള്ളു.

പേർഷ്യാക്കാർ 'സിന്ധു' നദിയെ 'ഹിന്ദു' നദിയെന്നു് വിളിച്ചു. സിന്ധുനദീതീരവാസികളെ 'ഹിന്ദുക്കൾ' എന്നും വിളിച്ചു. അങ്ങനെയാണ് 'ഹിന്ദു' എന്ന വാക്കിൻെറ ഉത്ഭവം. ആ ഹിന്ദുരാജ്യം ഇന്നു പാക്കിസ്ഥാനിലാണ്. പാക്കിസ്ഥാനും കേരളവുമായി ഉള്ള ദൂരവും അകല്ച്ചയും ഇന്നത്തേക്കാൾ വളരെ അധികമായി അന്നു് അനുഭവപ്പെട്ടിരുന്നു. ഗതാഗതം വൈഷമ്യമേറിയ കാലഘട്ടമായിരുന്നല്ലോ ആദ്യ നൂററാണ്ടുകൾ. ഈ പശ്ചാത്തലത്തിൽ വേണം അന്നത്തെ ഇന്ത്യാ ചരിത്രം നാം വീക്ഷിക്കേണ്ടതു്.

ഒന്നുകൂടി പറഞ്ഞുകൊള്ളട്ടേ: ഹിന്ദുമതം 7-ാം നൂററാണ്ടിനു ശേഷമേ ഉത്ഭവിച്ചിട്ടുള്ളൂ എന്നാണ് ഇന്നുള്ള മിക്ക ദക്ഷിണേന്ത്യൻ ചരിത്രപണ്ഡിതന്മാരുടെയും അഭിപ്രായമെങ്കിലും ബി. സി. 3000-ൽ തന്നെ അതിവിടെ ഉണ്ടായിരുന്നു എന്നു് പ്രചരിപ്പിക്കാൻ കിണഞ്ഞു പരിശ്രമിക്കുന്നവരുമുണ്ടു്. അതിനു് അവർ ഉയർത്തി പിടിക്കുന്നത് ഇന്നത്തെ പാക്കിസ്ഥാനതിർത്തിയിൽപ്പെടുന്ന ഹാരപ്പാ-മോഹൻജദാരോ പ്രദേശങ്ങളിലെ പുരാതന സംസ്കാരമാണ്. അത് ഒരു ഉന്നത സംസ്കാരമായിരുന്നുവെന്നതിൽ ആർക്കും സംശയമില്ല. അതിൻെറ ഉടമകൾ ദ്രാവിഡരായിരുന്നു എന്നതിലും വലിയ സംശയമില്ല. എന്നാൽ അന്നത്തെ മതജീവിതം എന്തായിരുന്നുവെന്നതിൽ മാത്രമാണ് അഭിപ്രായ വ്യത്യാസമുള്ളത്. അത് സാക്ഷാൽ മെസൊപ്പൊട്ടേമിയൻ സംസ്കാരത്തോടു് സാധർമ്മ്യമുള്ളതായിരുന്നുവെന്നാണ് പൊതുവേ അംഗീകരിക്കപ്പെടുന്നതെങ്കിലും അതു് ഹിന്ദു മതമായിരുന്നുവെന്നു സ്ഥാപിക്കാനുള്ള വ്യഗ്രതയാണ് നമ്മുടെ ചില ഹിന്ദു മതമൗലികവാദികൾ കാട്ടുന്നത്. അതിനു് അവർ ഉയർത്തി പിടിക്കുന്നത് അവിടെ നിന്നും കണ്ടെടുത്തിട്ടുള്ള ശിവലിംഗംപോലുള്ള ഏതോ ഒരു കല്ലിൻ കഷ്ണമാണ്. പക്ഷേ അവിടെ നിന്നും ലഭ്യമായിട്ടുള്ള ഒരു ലിഖിതരേഖപോലും ഇന്നുവരെയും ആരും decode ചെയ്തിട്ടില്ല എന്നതാണു വാസ്തവം. ഈ സ്ഥിതിവിശേഷത്തിൽ ഒരു കല്ലിൻകഷ്ണം കണ്ടു കൊണ്ടു് അത് ശിവലിംഗം ആണെന്നും മററും അനുമാനിക്കുന്നതിൻെറ യുക്തിരാഹിത്യം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

പ്രസിദ്ധ ചരിത്രകാരന്മാരായആർ. സി. മജുംധാരും മററും അന്നത്തെ ആ മതജീവിതത്തെപ്പററി പറയുന്നത് ഇപ്രകാരമാണ്: It offers a striking resemblance to the ancient civilization in Sumer and Mesopotamia proper... The discovery of two seals of the Mohanjo-Daro type in Elam and Mesopotamia and coniform inscription at Mohanjo-Daro, leaves no doubt that there was intercourse

between these two countries··· we find here the prevalence of that primitive religious faith which we call animism." (An Advanced History of India, Vol 1. P. 21) ഒരു animism ത്തിൻെറ വ്യക്തമായ തെളിവുകളാണ് അവിടെ കാണുന്നത് എന്നും അവർ എടുത്തു പറയുന്നുണ്ട്. ഇപ്രകാരം പറയുന്ന അവർതന്നെ അത് ഹിന്ദുമതവുമായി ബന്ധപ്പെടുത്താനും ശ്രമിക്കുന്നതായി കാണാം. അവർ പറയുന്നു: "There is an organic relationship between the ancient culture of Indus valley and the Hinduism of today". കാരണം ഇപ്രകാരം അവർ പറഞ്ഞില്ലെങ്കിൽ ഒരു പക്ഷേ ചരിത്ര പണ്ഡിതന്മാർ എന്ന ബഹുമതി തന്നെ അവർക്കു നഷ്ടപ്പെട്ടു പോയേക്കുമായിരുന്നു. അതാണ് നമ്മുടെ ഇന്നത്തെ ഇന്ത്യയിലെ സവിശേഷത. സത്യം പറയുന്നതോടൊപ്പം ഇവിടത്തെ ഹൈന്ദവമേധാവിത്വത്തെയും കൂടി അവർക്ക് തൃപ്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അതിനാൽ അങ്ങുമിങ്ങും പിടികൊടുക്കാതെ അതിന് ഹിന്ദുമതവുമായി ഒരു "organic relationship" ഉണ്ടെന്നു പറഞ്ഞുവെക്കേണ്ടിവരുന്നു. അതേസമയം അവർ അത് ഹിന്ദു മതമാണെന്നു് പറയുന്നുമില്ല. സർ. ജോൺ മാഷ് ലിനും ആ മതത്തെപ്പററി ഇപ്രകാരമുള്ള സമീപനമാണുള്ളത്. അദ്ദേഹം പറയുന്നത്: "The religion of the Indus people was a lineal progenitor of Hinduism." അദ്ദേഹത്തിനും ഇവിടുത്തെ ഹൈന്ദവ മൗലികവാദികളെ തൃപ്തിപ്പെടുത്താതിരിക്കാൻ തരമില്ലായിരുന്നുവെന്നു് കാണുന്നു. ദക്ഷിണേന്ത്യൻ ചരിത്രപണ്ഡിതന്മാർക്കു് ഇന്നുള്ള മനോധൈര്യം ഇവർക്കാർക്കും ഇല്ലാതെ പോയി എന്നാണ് അവരുടെ പ്രസ്താവനകരം തെളിയിക്കുന്നത്. ചുരുക്കത്തിൽ ഇൻഡസ്‌സംസ്കാരം ഹിന്ദുസംസ്കാരമായിരുന്നുവെന്ന് അഭിപ്രായപ്പെടുന്ന ഒരു പണ്ഡിതനും ഇല്ലെന്നു് വ്യക്തം. ഹിന്ദുമതം ബ്രാഹ്മണ മേധാവിത്വം അംഗീകരിക്കുന്ന ഒന്നാണ്. അത് ബ്രാഹ്മണ നിർമ്മിതമാണ്. ഇൻഡസ് സംസ്ക്കാരത്തിനു സഹസ്രാബ്ദങ്ങരംക്കു ശേഷമാണ് ആര്യന്മാർ ഇന്ത്യയിൽ പ്രവേശിക്കുന്നത്. അപ്പോരം ആ പൗരാണിക ഇൻഡസ് സംസ്ക്കാരം ഹൈന്ദവമായിരു

ന്നുവെന്ന് പറയുന്നതിൽ എന്തു യുക്തിയാണ് ഉണ്ടാവുക? അതിനാൽ ഇമ്മാതിരിയുള്ള ചരിത്രധ്വംസനങ്ങളെ അവ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയേണ്ടതാണ്.

ആര്യന്മാർ ഇന്ത്യയിൽ ആദ്യമായി പ്രവേശിക്കുന്നതു് ക്രിസ്തുവിനുമുമ്പ് ഒന്നാം സഹസ്രാബ്ദത്തിൽ മാത്രമാണ്. ആര്യന്മാരുടെ ഏററവും പുരാതനമായ ഋഗ്വേദം ഇതാണ് കാണിക്കുന്നതു്. അതിലെ ഭാഷയും സൊരസ്തേറിയൻ മതഗ്രന്ഥമായ സെന്തവസ്തയിലെ ഫലവി ഭാഷയും തമ്മിൽ സാധർമ്മ്യമുണ്ട്. ഈ സാധർമ്മ്യം ചൂണ്ടിക്കാട്ടുന്നതു് മററാരുമല്ല. ജവാഹർലാൽ നെഹ്റു, അരബിന്ദോ തുടങ്ങിയ മഹാന്മാരാണ്. സെന്തവസ്തയും ഋഗ്വേദവും സമകാലീന നിർമ്മിതികളാണെന്നു് ഈ വസ്തുത തെളിയിക്കുന്നു. സെന്തവസ്തയുടെ കാലഘട്ടം ക്രിസ്തുവിനു മുമ്പ് 6-ാം നൂററാണ്ടിലാണെന്നാണ് കണക്കാക്കപ്പെടുന്നതു്. ഫലവിഭാഷ ക്രിസ്തുവിനു പിമ്പ് ഏകദേശം 6-ാം നൂററാണ്ടോടെ നിഷ്പ്രഭമായിപ്പോയി. മാത്രമല്ല ഇന്ത്യക്കകത്തും പുറത്തും നിന്നു് കണ്ടെടുത്തിട്ടുള്ള പുരാവസ്തുക്കളും ആര്യന്മാരുടെ ഇന്ത്യയിലേക്കുള്ള കുടിയേററം ഏകദേശം മേൽ കൊടുക്കുന്ന കാലഘട്ടത്തിലാണെന്നതിലേക്കാണ് വിരൽ ചൂണ്ടുന്നതു്.

നാം ഇന്നു പഠിക്കുന്ന ഇന്ത്യാചരിത്രം നിരൂപകദൃഷ്ട്യാ വീക്ഷിച്ചാൽ കാണാം ക്രിസ്ത്വബ്ദം ആദിശതകങ്ങളിൽ ഉത്തരേന്ത്യയിലുണ്ടായിരുന്ന പ്രബല ശക്തികൾ പാർത്ഥ്യൻസ്,' ശകാസ്, കുഷാൻസ് മുതലായവരായിരുന്നുവെന്നു്. ഗുപ്തന്മാർക്കുശേഷമാണ് ആര്യന്മാർ ഉത്തരേന്ത്യയിൽ മുൻപന്തിയിൽ വരുന്നതു്. ഇതിനർത്ഥമെന്തു്? ഗുപ്തന്മാരുടെ കാലത്തു മാത്രമേ ആര്യസംസ്കാരം ഉത്തരേന്ത്യയിൽ വേരൂന്നി തുടങ്ങിയിട്ടുള്ളു എന്നല്ലേ? അതുതന്നെയാണ് യാഥാർത്ഥ്യവും.

ഇനി നമുക്ക് നമ്മുടെ വിഷയത്തിലേക്ക് കടക്കാം. കേരളത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായ ലിഖിത രേഖകളാണ് ക്രിസ്ത്വബ്ദം ആദിശതകങ്ങളിലെ സംസ്കാ

രത്തെപ്പററിയുള്ളത്. സംഘകാല കൃതികഠം എന്നറിയപ്പെ ടുന്ന കുറെയേറെ ഗാനസമാഹാരങ്ങളാണവ. അവയിൽ കേരളവുമായി ഏററവും അധികം ബന്ധപ്പെട്ടത് പതിററുപ്പത്തു് എന്ന കൃതിയാണ്. അന്നത്തെ കേരളരാജാക്കന്മാരായ ഒന്നാം ചേരരാജാക്കന്മാരുടെ വംശാവലിക്രമം ഈ ഗ്രന്ഥം നമുക്കു പ്രദാനം ചെയ്യുന്നതോടൊപ്പം അന്നത്തെ സാമൂഹ്യ–സാംസ്കാരിക ജീവിതവും വ്യക്തമായി അത് നമുക്ക് വെളിപ്പെടുത്തുന്നു. ഇതുപോലെ ചരിത്രവസ്തുതകഠം പ്രദാനം ചെയ്യുന്ന ഒരു ഗ്രന്ഥം അന്നത്തെ ഇന്ത്യൻ സംസ്കാരത്തിൽ മാത്രമല്ല വിശ്വസംസ്കാരത്തിൽ തന്നെ കാണുമോ എന്നു് സംശയമാണ്. അന്നു് ലോകസംസ്കാരത്തിൻെറ അത്യുന്നത കോടികളിൽ വിരാജിച്ചിരുന്ന റോമൻ സംസ്കാരത്തിനു പോലും ഇത്ര വിശേഷമായ ഒരു രാജവംശാവലി ക്രമത്തോടുകൂടിയ ഒരു ഗ്രന്ഥം അന്നു് ഉണ്ടായിട്ടുണ്ടോ എന്നും സംശയമാണ്. അത്ര വിശിഷ്ടമായ ഈ ചരിത്ര–കാവ്യ ഗ്രന്ഥത്തിനു വേണ്ടത്ര പ്രാധാന്യം കല്പിക്കാതെ അത് കവികളുടെ അതിശയോക്തി നിറഞ്ഞ ഒരു സാഹിത്യഗ്രന്ഥം മാത്രമായി താഴ്ത്തിക്കെട്ടി അത് വെളിവാക്കുന്ന ചരിത്ര സത്യങ്ങളേയും വസ്തുതകളെയും മറച്ചു പിടിക്കാനാണ് നാം ഇന്നു് ഉത്സുകരായിരിക്കുന്നത് എന്നത് ഒരു ദുഃഖസത്യമാണ്. പൗരാണിക കേരള ചരിത്രം സത്യസന്ധമായും വസ്തുനിഷ്ഠമായും അറിയാൻ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിക്കും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സവിശേഷ ഗ്രന്ഥമാണിതു്. പതിററുപ്പത്തുപോലെയില്ലെങ്കിലും വളരെയധികം ചരിത്ര വസ്തുതകഠം നൽകുന്ന മറെറാരു സംഘകാല കൃതിയാണ് പുറനാനൂറ്. അന്നത്തെ സാംസ്കാരിക ചരിത്രം വെളിപ്പെടുത്തുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണ് തിരുക്കുറഠം. അതിനാൽ ഈ മൂന്നു ഗ്രന്ഥങ്ങളുടേയും അടിസ്ഥാനത്തിലാണ് ഞാൻ അന്നത്തെ കേരള മതജീവിതത്തെ വിലയിരുത്താൻ ശ്രമിക്കുന്നതു്. ആ ഗ്രന്ഥങ്ങഠം നല്കുന്ന വസ്തുതകളിൽ ചിലതുമാത്രം ഇവിടെ പരാമർശിക്കാം.

ഒരു ജനപദത്തിൻെറ മതജീവിതം വ്യക്തമാക്കുന്ന ചൂണ്ടുപലകകളാണല്ലോ അവരുടെ ബലിയാചാരങ്ങൾ. അതിനാൽ അന്നത്തെ ആരാധനാ സമ്പ്രദായംതന്നെ ആദ്യമായി പരിശോധിക്കാം. പതിററുപ്പത്തിൽ ഒരു ഭാഗത്തു് ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു:

കടുഞ്ചിന കടാ ആയ് മുഴങ്ക മന്തിരത്ത്
അരുന്തിറൽ മരപിർ കടവുട് പേണിയർ
ഉയർന്തോനേന്തിയ അരുംപെറർ പിണ്ടം
കരുങ്കട് പേയ്മകൾ കൈവുടൈയ്യു ഉനടുങ്ക
നെയ്ത്തോർ ത്തൂ ഇയ നിറൈ മകിഴിരും പലി
എറുമ്പു മൂന്താ ഇറുമ്പുതു മരപിർ.''

ഇത് ചെന്തമിഴാണ്. ഇത് മലയാളവുമായി വളരെ അകലെയാണ് എന്നും മററും ധരിച്ച് ഭയപ്പെടേണ്ട കാര്യമൊന്നുമില്ല. യഥാർത്ഥത്തിൽ തമിഴനെക്കാൾ എളുപ്പത്തിൽ മലയാളിക്കാണ് ചെന്തമിഴ് മനസ്സിലാക്കാനാകുന്നതു്. അതിനു കാരണം സംഘകാലകൃതികളിൽ പലതിൻെറയും രചയിതാക്കൾ ചേരനാട്ടുകാർ ആയിരുന്നു എന്നതുതന്നെ. ചെന്തമിഴിൽ ധാരാളം മലയാളപദങ്ങൾ കാണാം. ഉദാഹരണത്തിനു് ഈ പദ്യഭാഗം തന്നെ ഓരോ വരിയായി പരിശോധിക്കാം.

ആദ്യവരിയിൽ 'ചിനാ' എന്നൊരു പദം കാണാം. 'ചിനക്കുക' എന്നാൽ 'ശബ്ദിക്കുക' എന്നാണ് ശ്രീകണ്ഠേശ്വരത്തിൻെറ ശബ്ദതാരാവലി നൽകുന്ന ഒരത്ഥം. ചിനിക്കുക എന്നാൽ കോപിക്കുക എന്നും അത്ഥമുണ്ട്. ഈ പദം ഇവിടെ മന്ത്ര ജപത്തെ വിശേഷിപ്പിക്കുന്നതാകയാൽ 'ശബ്ദിക്കുക'എന്ന അത്ഥം സ്വീകരിക്കുകയാണല്ലോ യുക്തം എന്നാൽ നമ്മുടെ പണ്ഡിതന്മാർ 'കോപിക്കുക' എന്ന അർത്ഥമാണ് സ്വീകരിച്ച് ഈ പദ്യവരി തജ്ജമ ചെയ്തിട്ടുള്ളതു്. സ്വാഭാവികമായും അത് ആ പദ്യവരിയുടെ അർത്ഥത്തെ വികലമാക്കിയിട്ടുണ്ട്. ഈ വരിയുടെ സാക്ഷാൽ അത്ഥം 'കഠിനമായ ശബ്ദത്തിൽ മുഴങ്ങുന്ന അഥവാ അത്യ

ച്ചത്തിൽ മുഴങ്ങുന്ന മന്ത്രജപത്തോടെ' എന്നാണെന്നു് വിഷമമില്ലാതെ മനസ്സിലാക്കാം.

രണ്ടാമത്തെ വരി ഇപ്രകാരമാണ്: അരുഗം തിറലുന്ന മരപിർ കടവുളെ പേണുന്നവർ. ഇതിൽ 'മരപിർ' മാത്രമാണ് ഇന്നു് മലയാളത്തിൽ ഇല്ലാത്ത പദം. അത് ഇന്നത്തെ തമിഴിലുമില്ല. പതിററുപ്പത്തു തന്നെ മറെറാരിടത്തു് നല്കുന്ന അർത്ഥത്തിൻെറ അടിസ്ഥാനത്തിൽ ഈ പദത്തിനർത്ഥം 'മനോഹരം' എന്നാണെന്നു കാണാം. അങ്ങനെ ഈ പദ്യവരിക്കർത്ഥം 'അനുഗ്രഹം പ്രസരിക്കുന്ന' അഥവാ 'ചൊരിയുന്ന' മനോഹരനായ ദൈവത്തെ സ്നേഹിക്കുന്നവർ എന്നാണെന്നു കാണാം.

അടുത്ത രണ്ടു വരികളുടെ അർത്ഥം ''ഉയർന്നവൻ കയ്യിലേന്തിയ അരുമപെററ പിണ്ഡം'' എന്നും ''കറുത്ത കണ്ണി പിശാച്ച് കൈ പിടഞ്ഞു നടുങ്ങത്തക്ക''എന്നുമാണെന്നു് പ്രയാസമെന്യേ മനസ്സിലാക്കാം.

അടുത്ത വരിയിൽ കാണുന്ന 'നെയ്ത്തോർ' എന്ന പദം ഇന്നു് ഒരു ദക്ഷിണേന്ത്യൻ ഭാഷയിലും പ്രയോഗത്തിലില്ല. അതിനു് ഇന്നു് അംഗീകരിച്ചിട്ടുള്ള അർത്ഥം 'രക്തം' എന്നാണ്. ഇതുതന്നെ നമുക്കും സ്വീകരിക്കാം. അതുപോലെ 'മകിഴ്' എന്ന പദത്തിനു് 'മദ്യം' എന്നാണ് അംഗീകരിച്ചിട്ടുള്ള അർത്ഥം. ഈ വരിയിൽ കാണുന്ന മററു പദങ്ങൾ ഇന്നു് മലയാളത്തിൽ ഉപയോഗത്തിലിരിക്കുന്നതാകയാൽ ഈ പദ്യവരിയുടെ അർത്ഥം, ''തൂ (പരിശുദ്ധി) നിറഞ്ഞ രക്തമായ മദ്യത്തിലുള്ള ബലി'' എന്നാണെന്നു് കാണാം.

എറുമ്പ് മോന്താത്തതും (കുടിക്കാത്തതും, തൊടാത്തതും) മനോഹരമായിരിക്കുന്നതുമാണ് ഇത് എന്നാണ് അവസാനവരിയുടെ അർത്ഥമെന്നു് അല്പം ശ്രദ്ധയോടെ വീക്ഷിച്ചാൽ കാണാവുന്നതേയുള്ളു.

അങ്ങനെ നെയ്ത്തോർ, മകിഴ്, മരപിർ എന്നീ മൂന്ന് വാക്കുകൾ ഒഴിവാക്കിയാൽ ഈ പദ്യഭാഗത്തിലുള്ള മററു പദങ്ങളെല്ലാം തന്നെ വലിയ പ്രയാസം കൂടാതെ മനസ്സിലാക്കാവുന്നതേയുള്ളു എന്നു കാണാം. സാമാന്യ വിദ്യാഭ്യാസമുള്ള ഏതൊരു മലയാളിക്കും അല്പം ശ്രമിച്ചാൽ വലിയ വിഷമമൊന്നും കൂടാതെ ഗ്രഹിക്കാവുന്നതേയുള്ളു ചെന്തമിഴ് എന്ന് ഈ പദ്യഭാഗം വ്യക്തമാക്കുന്നു. എങ്കിലും ഇന്ന് നാം തമിഴ് പണ്ഡിതന്മാരെയാണ് അതിന് ആശ്രയിക്കുന്നത്. അവക്കാണെങ്കിൽ ഈ പദ്യഭാഗം മനസ്സിലാക്കുന്നതിന് നമ്മെക്കാൾ കൂടുതൽ ശ്രമകരവുമാണ്. അവർ ഇതൊക്കെ അവരുടെ ഭാവനയിൽ കൂടി മാത്രമാണ് തർജ്ജമ ചെയ്തിരിക്കുന്നത്. ഉദാഹരണത്തിന് അവ്വൈ. ധാരസ്വാമിപ്പിള്ള ഇവിടെ പരാമർശിക്കുന്ന ബലി രക്തവും കള്ളും കലർത്തിയിട്ടുള്ളതാണെന്ന് തർജ്ജമ ചെയ്യുന്നു. രക്തം കലർത്തിയ കള്ള് ആരെങ്കിലും കുടിക്കാറുണ്ടോ എന്നൊന്നും അദ്ദേഹം കണക്കിലെടുക്കുന്നില്ല. ബലിയിലെ ചുടു രക്തവുമായി എന്തിന് എറുമ്പു തൊടാത്ത കള്ള് കലർത്തണമെന്നും അദ്ദേഹം ആലോചിക്കുന്നില്ല. മലയാളിയായ വൈദ്യനാഥയ്യർ ഈ പദ്യഭാഗം ഇപ്രകാരം ചുരുക്കി തർജ്ജമ ചെയ്യുന്നു: "മന്ത്രജപത്തോടു് യുദ്ധദേവതയെ പ്രീതിപ്പെടുത്താനായി ഇവർ അർപ്പിക്കുന്ന ഉറുമ്പുപോലും തീണ്ടാത്തതും ഭയങ്കരവുമായ രക്തബലിയെ തൊടാതെ വലിയ കണ്ണുകളോടുകൂടിയ പിശാച് ഭയന്നു കൈ കുടഞ്ഞു നില്ക്കുന്നു." 'മകിഴ്' എന്ന പദം തള്ളിക്കളഞ്ഞുകൊണ്ടു് അദ്ദേഹം ഈ ബലിയാചാരത്തെ ഒരു ക്രൂര രക്തബലിയായി ചിത്രീകരിക്കുന്നു. അങ്ങനെയുള്ളൊരു ക്രൂര ബലിയാണെങ്കിൽ അതിലെ ചുടുരക്തം ഉറുമ്പ് തൊടാത്തതാണ് എന്ന് വിശേഷിപ്പിക്കാനാകുന്ന ഒന്നാണോ എന്നൊന്നും അദ്ദേഹം വിചിന്തനം ചെയ്യുന്നില്ല. ഈ പദ്യഭാഗത്തിൽ എവിടെയും ഇല്ലാത്ത 'ഭയങ്കരം' എന്ന പദം അദ്ദേഹത്തിന് ലഭിക്കുന്നു. മനോഹരനായ ദൈവം അദ്ദേഹത്തിന്റെ ഭാവനയിൽ യുദ്ധദേവതയായും മാറുന്നു. ഇപ്രകാരം ഭാഷാപണ്ഡിതന്മാർ വികലമാക്കിയ അർത്ഥങ്ങളുടെ അടിസ്ഥാന

ത്തിലാണ് നമ്മുടെ ചരിത്ര പണ്ഡിതന്മാർ അന്നത്തെ കേരള സംസ്കാരത്തെ വിലയിരുത്തുന്നത്. ഈ പദ്യഭാഗം ഒന്നിൻെറ മാത്രം പിൻബലത്തിലാണ്. "പല്യാനൈ ചെൽകെഴ കുട്ടവനെപ്പോലുള്ള ചേരരാജാക്കന്മാർ സമര ദേവിക്കു് ഇറച്ചിയും കള്ളും നിവേദിച്ചിരുന്നു," എന്നു ശ്രീ. ശ്രീധരമേനോൻ പറയുന്നു. എന്നാൽ ഇവിടെ കാണുന്നത് നൈവേദ്യമല്ല, ബലിയാണ്. അതുപോലെ ഇവിടെ ഇറച്ചിയില്ല, പിണ്ഡം മാത്രമേയുള്ളു. വികലമാക്കപ്പെടുന്ന ഇമ്മാതിരിതർജ്ജമകളുടെ ഫലമായി നമ്മുടെ പൗരാണികർ ഏതോ ഒരു തരം കാട്ടാളസംസ്കാരത്തിൻെറ ഉടമകളായിരുന്നുവെന്ന ഒരു ബോധം നാം അറിയാതെ നമ്മിൽ വന്നുകൂടുന്നു. ഫലമോ? അവരെപ്പററി കൂടുതലൊന്നും നമുക്കറിയേണ്ടതില്ല എന്നൊരു മനോഭാവവും ഉദിക്കുന്നു. കൂടാതെ അന്നത്തെ ആര്യസംസ്കാരം നമ്മുടേതിൽനിന്നും ഉന്നതമായിരുന്നുവെന്ന ധാരണയും നമ്മിൽ വന്നുചേരുന്നു. മാത്രമല്ല ആ ആര്യസംസ്കാരത്തിൻെറ ഉടമകളാകാനും നാം ശ്രമിക്കുന്നു. അങ്ങനെ നമ്മുടെ പൈതൃകമായ സംസ്കാരത്തെ തള്ളിക്കളഞ്ഞുകൊണ്ടു് മറെറാരു അന്യ സംസ്കാരം നാം അറിയാതെ സ്വീകരിക്കുകയും ചെയ്യുന്നു. ഈ പ്രവണത മാററണമെങ്കിൽ നമ്മുടെ സാക്ഷാലുള്ള ആ പുരാതന ധന്യ സംസ്കാരത്തെ കണ്ടെത്തിയേ പററൂ.

നമ്മുടെ അക്കാല പൂർവ്വികർ ക്രൂരമായ ബലിയാചാരങ്ങളും മററും നടത്തിയിരുന്നുവെന്നു് താറടിച്ചു കാട്ടുന്നത് ഈ പദ്യഭാഗത്തിൻെറ മാത്രം അടിസ്ഥാനത്തിലാണെന്നു തോന്നുന്നു. എന്നാൽ യാഥാർത്ഥ്യം എവിടെ നിലകൊള്ളുന്നുവെന്നു് അതിൻെറ ശരിക്കുള്ള അർത്ഥം നമ്മെ മനസ്സിലാക്കുന്നു. ഈ പദ്യഭാഗത്തിൻെറ അടിസ്ഥാനത്തിൽ മാത്രമാണ് നമ്മുടെ പ്രഗത്ഭരായ പൗരാണികരെ താറടിക്കുന്നതെങ്കിൽ, അതേ വരികളുടെ അടിസ്ഥാനത്തിൽ മാത്രമല്ല മററനവധി പരാമർശങ്ങളുടെയും അടിസ്ഥാനത്തിൽ ആ ജനത ഒരു ധന്യ സംസ്കാരത്തിൻെറ ഉടമകളായിരുന്നുവെന്നു് സമ്മതിക്കാനാകും.

ഇത്രയും വിശദവും വ്യക്തവുമല്ലെങ്കിലും, അന്നത്തെ ബലി രക്തരഹിതവും മനോഹരവുമായിരുന്നുവെന്ന് സാക്ഷ്യം വഹിക്കുന്ന മററു പല പരാമർശങ്ങളും പതിററുപത്തിലുണ്ട്. ഉദാഹരണത്തിനു് ആ ഗ്രന്ഥത്തിലെ 9-ാം പതികത്തിൽ കാണുന്ന ഒരു ഭാഗം നോക്കുക.

അരുന്തിറൽ മരപിർ പെരുഞ്ചതുക്കവെർന്ത
വെന്തിറർ പൂതറൈത്തന്തിവൺ നിറീ ഇ
ആയ്ന്ത മരപിർ ശാന്തി വേട്ട.

'അരുന്തിറൽ മരപിർ' എന്നതിൻെറ അർത്ഥം നാം കണ്ടു കഴിഞ്ഞു. 'പെരുഞ്ചതുക്കം' എന്നാൽ 'വലിയ നഗരം' എന്നാണ്. 'പൂതറൈ' എന്നതിനർത്ഥം അവ്യക്തമാണ്. അതിനു് 'പേർഷ്യക്കാർ' എന്നും 'ഭൂതങ്ങൾ' എന്നും രണ്ടു തരത്തിൽ അർത്ഥം വ്യാഖ്യാനിക്കുന്നു. അന്നത്തെ സംസ്കാരം ഉന്നതമാണെന്നു കരുതുന്നവർ അത് 'പേർഷ്യാക്കാർ' ആയി കാണുന്നു; കാട്ടാള സംസ്കാരമായി കരുതുന്നവർ 'ഭൂതങ്ങൾ' ആയും കാണുന്നു. പൂതറൈ എന്നത് പേർഷ്യാക്കാർ ആണെന്ന് സ്വീകരിച്ചാൽ, ഈ പദ്യഭാഗത്തിൻെറ അർത്ഥം ഇപ്രകാരമാണ്: അനുഗ്രഹം പ്രസരിക്കുന്ന മനോഹരമായ വലിയ നഗരത്തിൽ വന്ന (അമന്ന) പേർഷ്യാക്കാരെ കൊണ്ടുവന്നിരുത്തി ആ 'അന്ത'ത്തിൻെറ മനോഹരമായ ശാന്തിബലി ചെയ്ത വെന്തിറർ എന്നാണ്. 'വെന്തിറർ' എന്ന പദം ഇന്നു് 'രാജാവ്' എന്നാണ് തർജ്ജമ ചെയ്തുവരുന്നതെങ്കിലും അത് 'വൈദികൻ' എന്ന പദവുമായി ബന്ധപ്പെട്ടതാണെന്നു കാണാം. അന്നത്തെ ബലിയാചാരം 'ശാന്തി' ബലിയായിട്ടാണ് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത്. അല്ലാതെ ക്രൂരബലിയായിട്ടല്ല എന്നു് ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ.

മേൽ കാണുന്ന പദ്യഭാഗത്തിനു് തമിഴ് പണ്ഡിതനായ അവ്വൈ ധ്വരസ്വാമിപിള്ളക്കു് അർത്ഥം കിട്ടുന്നില്ല. അതിനാൽ അത് അദ്ദേഹം തർജ്ജമ ചെയ്യുന്നില്ല. എന്നാൽ മലയാളിയായ വൈദ്യനാഥയ്യർ അത് ഇപ്രകാരം തർജ്ജമ ചെയ്യുന്നു:

'ദേവനഗരിയിലുള്ള ഭൂതങ്ങളെ ഭൂമിയിൽ
കൊണ്ടുവന്നിരുത്തി നാലു വഴികഠം ഒന്നിച്ചു
കൂടുന്ന കവലക്കൽ പ്രതിഷ്ഠിച്ച് വേദ വിധി
യനുസരിച്ചുള്ള ശാന്തികമ്മങ്ങളെല്ലാം നടത്തിയവൻ'

പ്രത്യക്ഷത്തിൽ തന്നെ ഈ തജ്ജമയ്ക്കും മൂലഗ്രന്ഥവരികഠംക്കും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു കാണാം. 'അരുന്തിറൽമരപിർ' എന്ന് മുൻ വിവരിച്ച പദ്യഭാഗത്തിൽ കാണുന്ന പദപ്രയോഗം ഇവിടെയും ആവത്തിക്കുന്നു. 'മരപിർ കടവുഠം' എന്നത് യുദ്ധദേവതയായി തജ്ജമ ചെയ്യുന്ന അയ്യർക്കു് ഇവിടെ 'മരപിർ' എന്നതിനു് അത്ഥം കണ്ടെത്താൻ സാധിക്കുന്നില്ല. യുദ്ധത്തിനും ശാന്തിക്കും' തമ്മിൽ ബന്ധമുണ്ടാകാൻ സാധ്യമല്ലല്ലോ. 'അരുന്തിറൽ എന്ന പദത്തിനും അദ്ദേഹത്തിനു് അത്ഥം നല്കാനാകുന്നില്ല. പദങ്ങഠംക്കു് തെററായ അത്ഥം സ്വീകരിച്ചാൽ വരുന്ന ഗതികേടാണ് ഇവിടെ പ്രകടമാകുന്നത്. 'ശാന്തി' എന്ന പദം ഒഴിവാക്കിയാൽ വൈദ്യനാഥയ്യർ പറയുന്ന പദങ്ങളൊന്നും തന്നെ ഈ പദ്യവരികളിൽ കാണുന്നില്ല എന്നതാണ് യാഥാത്ഥ്യം. 'ആയ്ന്തം' എന്ന പദം വേദാന്തമായി അദ്ദേഹം കാണുന്നുവെന്നും തോന്നുന്നു. അതിനാലാണ് ''ആയ്ന്ത മരപിർ ശാന്തിവേട്ടു'' എന്നത് വേദവിധിയനുസരിച്ചുള്ള ശാന്തികമ്മങ്ങഠം എന്നായിത്തീന്നത്. 'ആയ്ന്തം' വേദാന്തമല്ല, 'ആ അന്തം' ആണു് 'ആദിയും അന്തവുമായവൻ' എന്നതിലെ അന്തം (വെളിപാടുപുസ്തകം).

ബലിക്കു് അന്നുണ്ടായിരുന്ന ഒരു പര്യായപദമാണ് 'വേഠംവി'. 'വേഠം' എന്നാൽ പുത്രൻ, പ്രഭു എന്നും മററുമാണ് അത്ഥം, അപ്പോഠം 'വേഠംവി' എന്ന പദം ഏതോ ഒരു പുത്രനെയോ അഥവാ പ്രഭുവിനെയോ ബന്ധപ്പെടുത്തിയുള്ളതാണ് എന്നു കാണാം. ആരാണ് ഈ പുത്രൻ അഥവാ പ്രഭു? അതിനുത്തരം പതിററുപ്പത്തു വിവരിക്കുന്ന ബലിയാചാരം ശരിക്കു ഗ്രഹിച്ചാൽ ലഭ്യമാകുന്നതാണ്.

ബലിയെ സംബന്ധിച്ച് മേൽ കാണുന്ന സവിശേഷതകളെല്ലാംതന്നെ അന്നത്തെ ബലിയാചാരം ക്രൈസ്തവ

മായിരുന്നുവെന്ന വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നതായി കാണാം. മറേറതു ബലിയിലാണ് മദ്യത്തെ രക്തമായി കാണുന്നത്? മറേറതു ബലി കണ്ടിട്ടാണ് പിശാചു വിറക്കുന്നത്? പിശാച് എന്ന സങ്കല്പം അന്ന് ഏതു മതത്തിലുണ്ടായിരുന്നു? ആര്യമതത്തിൽ സുരന്മാരും അസുരന്മാരുമേ ഉണ്ടായിരുന്നുള്ളു. ശാന്തിബലി എന്നും വിശേഷിപ്പിക്കാവുന്ന ഒരു ബലിയാണല്ലോ ക്രൈസ്തവ ബലിയാചാരം– 'അന്തം' ആയ ക്രിസ്തുവിൻെറ ബലി. ജന്തു ബലികൾ ലോകമെമ്പാടും നടത്തിക്കൊണ്ടിരുന്ന ആ കാലഘട്ടത്തിൽ ശാന്തിയുടേയും സമാധാനത്തിൻേറയും ബലിയായി അപ്പിക്കപ്പെട്ട ഏക ബലി ക്രൈസ്തവ ബലിയല്ലാതെ മറേറതായിരുന്നു? 'ദ്രാവിഡാരാധനാ സമ്പ്രദായം' എന്ന് നമ്മുടെ പണ്ഡിതന്മാർ പറയുന്നത് സാക്ഷാൽ ക്രൈസ്തവാരാധനാ സമ്പ്രദായമായിരുന്നുവെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമല്ലേ? 'വേൾവി' എന്ന് ബലിക്കുണ്ടായിരുന്ന അന്നത്തെ പര്യായപദം പുത്രനുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ 'വേൾവി' എന്ന പദത്തിൻെറ ഉറവിടംതന്നെ ക്രൈസ്തവമായിരുന്നുവെന്നും കണക്കാക്കണം.

സംഘകാല കൃതികൾ ദക്ഷിണേന്ത്യയെ മൊത്തത്തിൽ സംബന്ധിക്കുന്നതാകയാൽ കേരളത്തിൽ മാത്രമല്ല ദക്ഷിണേന്ത്യ ആസകലം അക്കാലത്തു നടപ്പിലിരുന്ന ബലിയാചാരം ഇതുതന്നെയായിരുന്നു എന്നുവേണം കാണേണ്ടത്. ക്രിസ്തുമതം അവിടങ്ങളിലും വ്യാപിച്ചിരുന്നുവെന്നും മനസ്സിലാക്കണം.

അന്ന് വേന്തർ, വെന്തിറർ എന്നും മററുമുണ്ടായിരുന്ന നാമധേയങ്ങൾക്ക് ഇന്നു നല്കുന്ന അത്ഥം 'രാജാവ്' എന്നാണെങ്കിലും, പ്രസ്തുത പദങ്ങൾ 'വേദം' എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണുന്നു. ഇതെങ്ങനെ സംഭവിച്ചുവെന്ന് ഇന്ന് തമിഴ് പണ്ഡിതന്മാർ അത്ഭുതപ്പെടുന്നു. ആര്യസംസ്കാരം ദക്ഷിണേന്ത്യയിൽ പ്രവേശിച്ചിട്ടില്ലായിരുന്ന ആ കാലഘട്ടത്തിൽ ഒരു സംസ്കൃത പദമായ 'വേദം' എങ്ങനെ ഇവിടെ വന്നുചേർന്നു എന്ന

താണ് ഇതിനു കാരണം. 'വേദം' എന്ന പദം ആര്യവേദത്തിന് കുത്തകയായിത്തീർന്നിട്ടുള്ള ഒരു കാലമാണല്ലോ നമ്മുടേത്. റോമൻ സാമ്രാജ്യവുമായി ആര്യവത്ക്കരണത്തിനു മുമ്പ് ദക്ഷിണേന്ത്യക്കുണ്ടായിരുന്ന വാണിജ്യ – സാംസ്കാരിക ബന്ധം ദൃഢതരമായിരുന്നുവെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന നമ്മുടെ പണ്ഡിതന്മാർക്ക് റോമൻ ഭാഷാ പദങ്ങളും ഇവിടെ കടന്നു കൂടിയിരിക്കണം എന്ന വസ്തുത അവരുടെ ഭാവനയിലെങ്ങും വന്നുകൂടുന്നില്ല. നമ്മുടെ എല്ലാ സാംസ്കാരിക അഭിവൃദ്ധിക്കും കാരണം ആര്യസംസ്കാരമാണെന്നുള്ള അവബോധം അത്ര കണ്ട് നമ്മിൽ തറപ്പിച്ച് കയററിയിട്ടുണ്ട്. അതിനാൽ ആ പദം ലത്തീനിൽ നിന്നും വന്നിരിക്കാം എന്ന് നമുക്കു കരുതാനാകുന്നില്ല.

'വേദം' എന്ന വാക്കിൻെറ മൂലപദം 'വിദ്' എന്ന സംസ്കൃതപദമാണെന്നുള്ള ദൃഢവിശ്വാസമാണ് നമുക്ക് ഇന്നുള്ളത്. സംസ്കൃതത്തിലെ 'വിദ്' എന്ന പദവും, ലത്തീനിലെ 'വിദയോ' എന്ന പദവും നല്കുന്ന ആശയങ്ങൾ വ്യത്യസ്തങ്ങളല്ല. അതിനാൽ ആര്യവത്ക്കരണത്തിനു മുമ്പുള്ള ചെന്തമിഴ് ഗ്രന്ഥങ്ങളിൽ കാണുന്ന വേന്തർ, വെന്തിറർ എന്ന പദങ്ങളുടെ ഉറവിടം റോമൻ പദമായ 'വിദയോ' ആയിരുന്നുവെന്നു വേണം ധരിക്കേണ്ടത്.

'വേദം' എന്ന പദത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള 'വൈദികൻ' എന്ന പദവും വേന്തർ, വെന്തിറർ എന്നീ പദങ്ങളും നല്കുന്ന ആശയങ്ങളും വ്യത്യസ്തങ്ങളാകും. അക്കാരണത്താൽ വേന്തർ, വെന്തിറർ എന്നീ പദങ്ങളുടെ അനന്തരാവകാശി മാത്രമാണ് 'വൈദികൻ' എന്ന പദം എന്നുവേണം കരുതേണ്ടത്. പണ്ടുകാലത്ത് രാജാക്കന്മാർ പൂജാരികളുംകൂടി ആയിരുന്നതിനാലാണ് അവർക്ക് ഈ നാമധേയങ്ങൾ ലഭിച്ചിട്ടുള്ളത്. ചേരരാജാവ് മുടിവേന്തർ ആയിരുന്നു; അതായത് കിരീടധാരിയായ വൈദികൻ അഥവാ മുഖ്യപുരോഹിതൻ. സാധാരണ വൈദികർ ആയിരുന്നു അവരുടെ ചിററരചന്മാർ.

ഇന്നു് കേരളത്തിൽ ക്രൈസ്തവ പുരോഹിതന്മാരാണ് സാധാരണയായി 'വൈദികർ' എന്നറിയപ്പെടുന്നത് എന്നു് ഓർക്കണം. അവർക്കാണ് പുരാതന വേന്തരുടെയും, വെന്തററുടെയും പിൻതുടർച്ചാവകാശം ലഭിച്ചിരിക്കുന്നതു് എന്നു തോന്നുന്നു. ഹൈന്ദവപുരോഹിതന്മാർ സാധാരണയായി പൂജാരി, ശാന്തിക്കാരൻ എന്നും മററുമുള്ള നാമധേയങ്ങളിലാണ് അറിയപ്പെടുന്നത്. മലബാർ പ്രദേശത്തു് 'വേദക്കാരൻ' എന്നാൽ ക്രിസ്ത്യാനിയെ മാത്രമാണ് ഉദ്ദേശിക്കുന്നതു് എന്നുള്ള വസ്തുത ഈ സാഹചര്യത്തിൽ അത്ഥവത്തായിത്തീരുന്നു.

സംഘകാല സംസ്കാരത്തിൻെറ ക്രൈസ്തവ സ്വഭാവത്തിനു് ഉപോദ്ബലകമാണ് കേരളത്തിൽനിന്നും ലഭ്യമായിട്ടുള്ള പുരാവസ്തുക്കൾ. അതിലൊന്നു് നീലമ്പേരൂരിൽ നിന്നും കണ്ടെടുത്തിട്ടുള്ള പള്ളിബാണ പെരുമാൾ എന്നു് വിശേഷിപ്പിക്കുന്ന 9-ാം ചേര ചക്രവത്തിയായ ഇളംചേരൽ ഇരുമ്പൊറൈയുടെ കുരിശു് ധരിച്ച പ്രതിമയാണ്. അദ്ദേഹമാണ് 'പതിററുപ്പത്തിൽ' 9-ാം പത്തിൽ പ്രകീർത്തിക്കുന്ന ചേര ചക്രവത്തി (കേസരി ബാലകൃഷ്ണപിള്ള. പ്രാചീന കേരള ചരിത്ര ഗവേഷണം. പേജ് 78-110. ഇടമറുക് ജോസഫ്, കേരള സംസ്കാരം. പേജ്. 106). അദ്ദേഹം തന്നെയാണ് മുമ്പു് ഇവിടെ വിവരിച്ച 'ശാന്തിബലി' അർപ്പിച്ച വേന്തർ.

മററു പുരാവസ്തുക്കൾ കോട്ടയം ക്നാനായ യാക്കോബായ പള്ളിയിലും, മുട്ടിച്ചിറ കത്തോലിക്കാ പള്ളിയിലും, കടമററം യാക്കോബായ പള്ളിയിലും കാണുന്ന ശിലയിൽ കൊത്തിയിട്ടുള്ള കുരിശുകളും അവയിലെ ലിഖിത രേഖകളുമാണ്. പ്രസ്തുത ലിഖിത രേഖകൾ എ. ഡി. 6-ാം നൂററാണ്ടോടെ നിഷ്പ്രഭമായിത്തീർന്ന പേർഷ്യൻ ഭാഷയായ ഫലവിയിലാണു്.

കേരളത്തിൽ പല ഭാഗങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുള്ള കുറെയേറെ പുരാതന റോമൻ നാണയങ്ങളാണ് മററു ചില പുരാവസ്തുക്കൾ.

മേൽ വിവരിച്ച പുരാവസ്തുക്കളും സംഘകാല കൃതികളും നല്കുന്ന അന്നത്തെ സാംസ്ക്കാരിക ജീവിതത്തെപ്പററിയുള്ള അറിവു് പരസ്പരം പൂരകങ്ങളാണ് എന്നു കാണാം.

സംഘകാല കൃതികളിൽ ബൗദ്ധമതത്തെയോ, ജൈനമതത്തെയോ പരാമർശിച്ചു് ഒന്നും തന്നെ കാണുന്നില്ല. ആ ഗ്രന്ഥങ്ങളിൽ ദ്രാവിഡാചാരങ്ങളിൽ തുടന്ന ഒരു ജനതയെ മാത്രമാണല്ലോ ശ്രീ. ശ്രീധരമേനോനെപോലുള്ള ചരിത്രപണ്ഡിതന്മാരും കാണുന്നതു്. എങ്കിലും നമ്മുടെ പണ്ഡിതന്മാർ പൊതുവേ ജൈന_ബൗദ്ധമതങ്ങറം അന്നു് ഇവിടെ ഉണ്ടായിരുന്നുവെന്നു് കരുതുന്നു. അന്നു് ഉത്തരേന്ത്യയിൽ പ്രസ്തുത മതങ്ങറം ഉണ്ടായിരുന്നുവെന്നത് നിഷേധിക്കാനാവാത്ത ഒരു സത്യമാണ്. അതുകൊണ്ടു് അവ ദക്ഷിണേന്ത്യയിലും ഉണ്ടായിരുന്നിരിക്കണം എന്നൊരു ഊഹം മാത്രമാണ് ഇതിൻെറ പിന്നിലുള്ളത് എന്നു തോന്നുന്നു. അത് തികച്ചും നിരാധാരകമാണ്. അതിനു് ഉപോദ്ബലകമായി വ്യക്തമായ യാതൊരു തെളിവും ഇന്നുവരെ നമുക്കു് ലഭ്യമായിട്ടില്ല.

സംഘകാല കൃതികളിൽ ക്രൈസ്തവ സംസ്കാരവുമായി ബന്ധപ്പെട്ടു കാണുന്ന മററു് അനവധി പരാമർശങ്ങളുമുണ്ടു്. അവയിൽ ചിലതൊക്കെ 'കേരള മതവിശ്വാസങ്ങറം_സംഘകാല കൃതികളിലൂടെ' എന്ന എൻെറ ഗ്രന്ഥത്തിൽ നല്കിയിട്ടുണ്ടു്. അതിനാൽ ഞാൻ അവ ഇവിടെ ആവത്തിക്കണമെന്നു് ആഗ്രഹിക്കുന്നില്ല.

തിരുക്കുറളിനെ സംബന്ധിച്ചിടത്തോളം അതേപ്പററി ആധികാരികമായി പറയാനാകുന്ന ഒരു പണ്ഡിതനാണ് ഡോക്ടർ എം ദൈവതായഗം. അതിനാൽ അദ്ദേഹത്തിൻെറ ഡോക്ടറൽ തീസ്സിസ്സിൽനിന്നും നമ്മുടെ വിഷയത്തിന് പ്രസക്തമെന്നു തോന്നുന്ന ചില വസ്തുതകറം മാത്രം ഇവിടെ നിരത്തിവെക്കാം. അവ ചുവടെ ഉദ്ധരിക്കുന്നു:

''ക്രിസ്തുമത സ്ഥാപകനായ ഈശോമിശിഹായ്ക്കു 'ക്രിസ്തു' എന്ന ഗ്രീക്കുപേരു് ലഭിച്ചു് പ്രചരിക്കുന്നതിനും മുമ്പു്, ഈശോയെ പിൻചെന്നവർക്കു് 'ക്രിസ്ത്യാനികൾ' എന്ന ഗ്രീക്കു നാമധേയം ഉരുത്തിരിയുന്നതിനും മുമ്പു്, ബൈബിളിലെ പുതിയനിയമ ഗ്രന്ഥങ്ങൾ എഴുതുന്നതിനും മുമ്പു് തോമാ തമിഴകത്തിൽ വന്നു് സുവിശേഷം പ്രസംഗിച്ചു എന്നു് കരുതപ്പെടുന്നു.

യൂറോപ്യന്മാർ വന്നതിനുശേഷം ഇന്ത്യാ സാമ്രാജ്യത്തിൻെറ ഒരു ഭാഗമായി തമിഴ്നാടു് ചേർക്കപ്പെട്ടു. യൂറോപ്യൻമാർക്കു് മുമ്പു് തമിഴകത്തെ ഇന്ത്യയോടുചേർത്തു ഭരിച്ച രാജാക്കന്മാർ ആരുമില്ല.

തമിഴകം ഇന്ത്യയോടു ചേർക്കുന്നതിനും മുമ്പു്, തമിഴ്ജനത ഇന്ത്യാക്കാർ എന്നറിയപ്പെടുന്നതിനുംമുമ്പു്, തമിഴകശാസ്ത്രങ്ങൾ, ഇന്ത്യൻ ശാസ്ത്രങ്ങൾ എന്ന പേരിൽ ഹിന്ദുശാസ്ത്രത്തോടു് ചേർത്തു് കണക്കാക്കപ്പെടുന്നതിനും മുമ്പു്, തമിഴകത്തിൽ വിരചിതമായ മഹാകാവ്യങ്ങളാണു് തിരുക്കുറളും ശൈവസിദ്ധാന്തവും.

തോമായാൽ തമിഴകത്തിൽ അറിയപ്പെട്ട ശാസ്ത്രവും, അദ്ദേഹത്തിൻെറ പ്രേഷിത പ്രവർത്തനത്തിൻെറ ഫലമായി തമിഴകത്തിൽ എഴുതിയ പില്ക്കാലശാസ്ത്രങ്ങളും 'ക്രൈസ്തവം' എന്ന പേരോ 'ഹിന്ദു'എന്ന പേരോ ഉൾക്കൊണ്ടിരുന്നില്ല.

സംഘകാലഗ്രന്ഥങ്ങളിൽ ശിവൻ, ശൈവം, വിഷ്ണു, വൈഷ്ണവം, മുതലായ പേരുകൾ കാണുന്നില്ല. പില്ക്കാല തമിഴ്ഗ്രന്ഥങ്ങളിലാണു് ഇവ സ്ഥാനം പിടിച്ചിട്ടുള്ളതു്. പൗലോസ് യൂദന്മാർക്കു് യൂദസംസ്കാരത്തിൻെറ അടിസ്ഥാനത്തിലും ഗ്രീക്കുകാർക്കു് ഗ്രീക്കു സംസ്കാരത്തിൻെറ അടിസ്ഥാനത്തിലും മററുള്ളവർക്കു് അവരവരുടെ സംസ്കാരങ്ങളുടെ അടിസ്ഥാനത്തിലും ഈശോയുടെ സുവിശേഷം

അറിയിച്ചു. ഇതുപോലെ തോമാ തമിഴകത്തിലും ദ്രാവിഡസംസ്കാരത്തിൻെറ അടിസ്ഥാനത്തിൽ ദ്രാവിഡ ജനതയ്ക്കു് ഈശോയുടെ സുവിശേഷം അറിയിച്ചു എന്നു് മനസ്സിലാക്കണം.

ക്രിസ്തുവിനുപിൻപു് ആദ്യനൂററാണ്ടിൽ തമിഴകത്തിൽ പ്രചരിച്ച ഈശോയുടെ സുവിശേഷം ദ്രാവിഡ സംസ്കാര വളർച്ചയ്ക്കു് ഒരു പ്രേരക ശക്തിയായി ഭവിച്ചു. ഇന്നു് ക്രിസ്തു മതത്തെ ഒരു പാശ്ചാത്യ മതമായി കണക്കാക്കുന്നു. തമിഴകത്തിൽ ദ്രാവിഡ സംസ്കാരത്തിൻെറ അടിസ്ഥാനമായി വേരൂന്നിയ ദ്രാവിഡ മതത്തെ ക്രിസ്തു മതമായി കാണുന്നവർ ഇന്നു് ഇല്ല എന്നു തന്നെ പറയാം.

തമിഴകം നീണ്ടകാലമായി അന്യനാടുകളുമായി വാണിജ്യബന്ധം പുലർത്തിപ്പോന്നു. വാണിജ്യത്തിനായി തമിഴകത്തുവന്ന ഗ്രീക്കുകാർ, റോമാക്കാർ, യൂദർ, സുറിയാനികൾ തുടങ്ങിയവർ തമിഴകത്തിലെ വൻ പട്ടണങ്ങളിൽ തങ്ങി ജീവിച്ചു വന്നു. തമിഴ് ഗ്രന്ഥങ്ങളിൽ അവർ 'യവനർ' എന്ന പേരിൽ അറിയപ്പെടുന്നു.

സുറിയാനിഭാഷ തങ്ങളുടെ ആരാധനാഭാഷയായി സ്വീകരിച്ച ഈശോയുടെ ജനത പരമ്പരാഗതമായി തമിഴകത്തിൽ ജീവിച്ചു വന്നിട്ടുണ്ടു്. തമിഴ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള 'യവനർ' എന്ന പേരിൽ ഇവരും ഉൾക്കൊള്ളുന്നു.

ഹിന്ദുമതതത്ത്വങ്ങൾ എന്നതു് ആര്യസംസ്കാരം അഥവാ വേദസംസ്കാരം എന്നതിൽ നിന്നും വളർന്നതല്ല എന്നു് വ്യക്തമായി പറയാനാകും. ആര്യ ചിന്താഗതിയില്ലാത്ത അഥവാ വേദ ചിന്താഗതിയില്ലാത്ത മൂലതത്ത്വങ്ങളാണു് ഈ വളർച്ചയ്ക്കു് ആശ്രയമായതു്. അവയെ ദ്രാവിഡ ആശയങ്ങൾ എന്നു് വിവരിക്കാം. വേദ ആശയങ്ങൾ ഇല്ലാത്തതാണു് ദ്രാവിഡ മൂലതത്ത്വങ്ങൾ

ആര്യവേദനിയമങ്ങാംക്കു് പുറമേയുള്ള പുതിയ തത്ത്വങ്ങാം വേറെയും ഹിന്ദുമതത്തിൽ വന്നുചേർന്നിട്ടുണ്ടു്. ഇവ കോവിൽ വഴിപാട്ടുള്ള 'ആഗമങ്ങാം' ആണ്.

ക്രിസ്തുവിനുപിൻപ് 5-ാം നൂററാണ്ടിനും 7-ാം നൂററാണ്ടിനുമിടയിൽ ആഗമങ്ങാം ഉടലെടുത്തിരിക്കാം എന്നു് ഇന്നുള്ള പണ്ഡിതന്മാർ കരുതുന്നു.

ശൈവശാസ്ത്രത്തിലുള്ള ഒരു ദൈവവും ആര്യവേദദൈവങ്ങളല്ല. അവ ദ്രാവിഡദൈവങ്ങളാണെന്നു് എല്ലാവരും സമ്മതിക്കുന്നു.

ശങ്കരാചാര്യരുടെ അദ്വൈത സിദ്ധാന്തം ഉപനിഷത്തുകളിൽ നിന്നും വന്നിരിക്കാം. എന്നാൽ അദ്ദേഹത്തിൻെറ ദൈവം എന്ന സിദ്ധാന്തം ആര്യവേദവുമായി ബന്ധപ്പെട്ടതല്ല. രാമാനുജൻെറയും മാധവാചാര്യരുടെയും ആശയങ്ങാം കോവിൽ വഴിപാട്ടു ശാസ്ത്രങ്ങളെയും ആഗമങ്ങളെയും അടിസ്ഥാനമാക്കിയുള്ളവയാണ്.

മൂന്നടി അളന്നുവെന്നു് ആര്യവേദത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിഷ്ണുവിനും പിൽക്കാല ഹിന്ദുമത വിഷ്ണുവിനും പൊതുവായുള്ള പേരു് ഒന്നു തന്നെ; ശിവൻ എന്ന പേരു് രുദ്രൻ എന്ന പേരിൻെറ മററൊരു അർത്ഥമായി തുടന്നതല്ലാതെ ആര്യവേദത്തിലെ രുദ്രനും പില്ക്കാല ശിവനും ബന്ധമൊന്നുമില്ല.

ഹിന്ദുമതവളർച്ചയിൽ വേദകാലദൈവങ്ങാം മിക്കവാറും അപ്രത്യക്ഷമായി. ഇന്ദ്രൻ, വരുണൻ, മിത്രൻ, പ്രജാപതി മുതലായ ദൈവങ്ങാം പിൻനിരയിലേക്കു പോയി. ശിവൻ, വിഷ്ണു, ബ്രഹ്മാ, ശക്തി മുതലായ പുതിയ ദൈവങ്ങാം മതിപ്പും ശ്രദ്ധയും ആകർഷിച്ചു തുടങ്ങി. വേദദൈവങ്ങാംക്കു പകരമായി ത്രിമൂത്തികളെ സ്വീകരിച്ചു് വഴിപാട്ടുമുറകാം ആ വളർച്ചയുടെ ഫലമായി ഉത്ഭവിച്ചു.

തമിഴക നായനാരന്മാർ, ആ൦വർമാർ എന്നിവരാൽ നിർമ്മിതമായ ത്രിമൂത്തിദൈവം ഉ൦പ്പെട്ട ശൈവചിന്ത യും വൈഷ്ണവചിന്തയും, ഭക്തിപ്രസ്ഥാന കാലത്തെ (9-ാം നൂററാണ്ടിലെ) സിദ്ധാന്തങ്ങളും ദ്രാവിഡഭാഷ സംസാരി ക്കുന്ന സ്ഥലങ്ങളിൽ ജനിച്ചു വളൎന്ന ശങ്കരാചാര്യർ, മാധ വാചാര്യർ, രാമാനുജർ എന്നിവർ നല്കുന്ന ആശയങ്ങളും ആര്യവൈദിക മതത്തിലെ നാലു വേദങ്ങ൦ക്കു വെളിയി ലുള്ള ദ്രാവിഡ ആശയങ്ങളാണ്.

അദ്വൈതം, വിശിഷ്ടഅദ്വൈതം, ദ്വൈതം, ശൈവ സിദ്ധാന്തം എന്നീ നാലു തത്വങ്ങ൦ നിർമ്മിച്ച ശങ്കരാചാ ര്യർ, രാമാനുജർ, മാധവാചാര്യർ, മെയ്കണ്ടർ എന്നീ നാ ലുപേരിൽ ശങ്കരാചാര്യരും മെയ്കണ്ടരും ശൈവസിദ്ധാ ന്തത്തിലും, രാമാനുജരും മാധവാചാര്യരും വൈഷ്ണവ സി ദ്ധാന്തത്തിലും ചേർന്നവരാണ്. ഈ രണ്ടു സിദ്ധാന്തങ്ങ ളും ദ്രാവിഡമൂലതത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളവ യാണ്. (ദ്രാവിഡ മൂലതത്വങ്ങ൦ തോമായുടെ പ്രേഷി ത പ്രവത്തനത്തിൻെറ ഫലമായി തമിഴകത്തിൽ സ്ഥാ പിതമായതാണെന്നു നാം കണ്ടുകഴിഞ്ഞു.)

ക്രിസ്തുവിനു മുമ്പുണ്ടായിരുന്ന പഴയ ദ്രാവിഡ സംസ് കാരത്തിൽ വളർന്ന ഒരു ശാസ്ത്രത്തെയും നാം കാണുന്നില്ല. തമിഴക ഗ്രന്ഥവരികളിലും മതസിദ്ധാന്തങ്ങളിലുമുള്ള ശാ സ്ത്രഗ്രന്ഥങ്ങ൦ പിന്നീടാണ് നാം കാണുന്നത്. അവയിൽ പ്രശോഭിക്കുന്ന ഒന്നാണ് തിരുക്കുറ൦.

തിരുക്കുറളിലെ ആദ്യ മൂന്നു അദ്ധ്യായങ്ങളും ദൈവ ത്തെ ത്രിമൂർത്തികളായി കണ്ടുകൊണ്ടു ഭക്തിപ്രസ്താന ശാസ്ത്രം രൂപീകരിക്കുന്നതിനുള്ള വിത്തായി തീർന്നു.

ദൈവത്തിൻെറ മൂന്നു സ്വഭാവങ്ങളും— അരൂപിസ്വ ഭാവവും, പരിശുദ്ധാരൂപി സ്വഭാവവും, രൂപസ്വഭാവവും- തിരുക്കുറളിലെ ആദ്യ മൂന്നു അദ്ധ്യായങ്ങളിൽ വാഴ്ത്തി, പുകഴ്ത്തി, പ്രകീർത്തിക്കുന്നു. രൂപംകൊണ്ട ദൈവത്തെ

വാഴ്ത്തിയുള്ള 'നീത്താർ പെരുമയും', അരൂപിയായ ദൈവത്തെ വാഴ്ത്തിയുള്ള 'കടവുൾ വാഴ്ത്തും', അരൂപിയായ ദൈവത്തിൽനിന്നും രൂപമുള്ള ദൈവം ഉത്ഭവിക്കാൻ കാരണമായി ശോഭിക്കുന്ന ദൈവത്തിൻെറ അന്തരിക ശക്തിയെ വാഴ്ത്തിയുള്ള 'വാൻ ചിറപ്പും' സ്ഥാപിച്ചുള്ള ഈ അദ്ധ്യായങ്ങൾ തിരുവള്ളുവരുടെ ആശയങ്ങളെ വളരെ മനോഹരമായി സ്ഥാപിക്കുന്നു.

അരൂപിയായ ദൈവത്തെയും, രൂപമെടുത്ത ദൈവത്തെയും, ദൈവത്തിൻെറ ആന്തരിക ശക്തിയെയും വിവരിച്ചു കാണിക്കുന്നതിനായി ഉത്ഭവിച്ച രൂപാടിസ്ഥാനത്തിലുള്ള കഥകളാണ് പില്ക്കാലത്തു് പുരാണങ്ങളായി രൂപാന്തരപ്പെട്ടതു്.

'വിശ്വം' എന്ന അടിസ്ഥാന ധാതുവിൽ നിന്നുമാണ് 'വിഷ്ണു' ഉരുത്തിരിഞ്ഞിട്ടുള്ളത് എന്നു പറയുന്നു. 'വിശ്വം' എന്നതും 'വാൻ' എന്നതും വ്യത്യസ്ത ആശയങ്ങളല്ല.

തിരുക്കുറളിൽ സർവ്വേശ്വരനു നല്കുന്ന മൂന്നു സ്വഭാവങ്ങൾക്കുള്ള പേരുകൾക്കു് പകരം - അതായത് കടവുൾ, വാൻ, നീത്താർ - ശിവൻ, വിഷ്ണു, ബ്രഹ്മാ എന്ന ത്രിമൂർത്തി പ്രമാണം ഉരുത്തിരിഞ്ഞു. ഈ ത്രിമൂർത്തി പ്രമാണത്തിൽ പിതാവു്, പുത്രൻ എന്ന അടിസ്ഥാനതത്ത്വം സംരക്ഷിച്ചു വന്നിട്ടുണ്ടു് എന്നു പുരാണങ്ങൾ വെളിപ്പെടുത്തുന്നു. സ്നേഹമായ അഥവാ ശിവമായ പിതാവിൻെറ ആന്തരിക ശക്തിയാൽ വാർത്തെടുക്കപ്പെട്ട പിള്ളയെ പുത്രനായി കാണിക്കുന്നതിനു് പിള്ളയാരുടെയും മററും കഥ നിർമ്മിക്കപ്പെട്ടു. അയ്യപ്പൻെറ ജനനം ശിവനിലും വിഷ്ണുവിലും നിന്നാണെന്നു പറയുന്നു.

ഇന്നു് ഹിന്ദുസിദ്ധാന്തത്തിലെ മുഖ്യ ദൈവങ്ങളായ ശിവൻ, വിഷ്ണു, ബ്രഹ്മാവു്, ശക്തി, അയ്യപ്പൻ, കുമാരൻ, പിള്ളയാർ (ഗണപതി) എന്നിവരെപ്പററിയുള്ള പുരാണങ്ങൾ എല്ലാംതന്നെ പിതാവു്, പുത്രൻ, പരിശുദ്ധാത്മാവ്

എന്ന പ്രമാണത്തെ മനസ്സിലാക്കുന്നതിനു് എഴുതിയിട്ടുള്ളതാണെന്നു് തോന്നുന്നു. ദൈവത്തിൻെറ ഈ പേരുകളും, അവരെപ്പററിയുള്ള തത്ത്വസംഹിതകളും ആര്യമൂല സിദ്ധാന്തങ്ങളിൽനിന്നു് വ്യത്യസ്തമായ ദ്രാവിഡമൂല സിദ്ധാന്തങ്ങളിൽനിന്നുമാണെന്നും, ആ ദ്രാവിഡമൂല സിദ്ധാന്തങ്ങൾ തോമാ വന്നതിനാൽ സംഘകാലത്തു് സ്ഥാപിച്ച തത്ത്വസംഹിതകളിൽനിന്നും പിന്നീടു് ഉത്ഭവിച്ചു് വ്യാപിച്ചതാണെന്നും ധരിക്കാം''. (ബൈബിൾ, തിരുക്കുറൾ, ശൈവസിദ്ധാന്തം പേജ്. 10-36).

സംഘകാലത്തു് ദക്ഷിണേന്ത്യയിലുണ്ടായിരുന്ന വൈദേശിക സാംസ്കാരിക ബന്ധം തോമസ് പുണ്യവാളൻ സ്ഥാപിച്ച സഭയെ അഥവാ സംഘത്തെ പോഷിപ്പിച്ചുകൊണ്ടിരുന്നു. അന്നത്തെ ആ സംഘം എന്നതു് ഇന്നു് ഒരു സാഹിത്യ അക്കാഡമിയായി വ്യാഖ്യാനിക്കാനാണു് നമ്മുടെ പണ്ഡിതന്മാർ വ്യഗ്രത കാട്ടുന്നതു്. ആ സംഘം സാക്ഷാൽ അന്നത്തെ സഭയായിരുന്നുവെന്നുവേണം കണക്കാക്കേണ്ടതു്. 5-ാം നൂററാണ്ടിൻെറ അവസാനത്തിൽ റോമാ സാമ്രാജ്യം നിലംപതിച്ചതോടെ ആ സാമ്രാജ്യവുമായി കേരളത്തിനുണ്ടായിരുന്ന ധന്യപോഷകബന്ധം അററു. അതോടെ ഇവിടെ സംഘകാലവും അവസാനിച്ചു എന്നു കാണുന്നു. ഈ സവിശേഷത നല്കുന്ന സൂചന എന്തു്? ആ രണ്ടു സംഭവങ്ങൾക്കും തമ്മിൽ അനിഷേധ്യമായ ഏതോ ചില ബന്ധങ്ങൾ ഉണ്ടായിരുന്നു എന്നല്ലേ?

സംഘകാലത്തിനുശേഷം ആയിരം വർഷത്തേക്കു് വിശിഷ്യാ അതിലെ അവസാന 500 വർഷത്തേക്കു് ഇന്ത്യ ഒരൊററപ്പെട്ട ജീവിതമാണു് നയിച്ചതു്. വിദേശരാജ്യങ്ങളുമായുണ്ടായിരുന്ന പോഷക സമ്പർക്കത്തിൻെറ അഭാവത്തിൽ ഇന്ത്യൻ സംസ്കാരം ജീർണ്ണിച്ചു് അധഃപ

തിച്ചു. ഈ അധഃപതനത്തെപ്പററി സർദ്ദാർ കെ. എം. പണിക്കർ അദ്ദേഹത്തിൻെറ "A Survey of Indian History" എന്ന ഗ്രന്ഥത്തിൽ സാമാന്യം വിശദമായി വിവരിക്കുന്നുണ്ടു്. ആ കാലഘട്ടത്തിലാണ് ദക്ഷിണേന്ത്യയിൽ ആര്യവത്ക്കരണം നടക്കുന്നതും, സംഘകാലത്തു് ഇവിടുണ്ടായിരുന്ന ക്രൈസ്തവ സംസ്കാരം ഹിന്ദു സംസ്കാരമായി രൂപാന്തരപ്പെടുന്നതും. 13-ാം നൂററാണ്ടിൽ മാർക്കൊ പോളൊ മദ്ധ്യഭാരതത്തിൽ മൂന്നു ക്രിസ്ത്യൻ രാജ്യങ്ങൾ കണ്ടുവെന്നു് രേഖപ്പെടുത്തുന്നു. ആ രാജ്യങ്ങൾ എവിടെയായിരുന്നുവെന്നു് യാതൊരു തുമ്പും ഇന്നു കിട്ടുന്നില്ല. അതപ്പടിയേ മൺമറഞ്ഞു പോയിരിക്കുന്നു.

ആര്യവത്ക്കരണ പ്രക്രിയ കുലശേഖര ഭരണകാലത്തു് കേരളത്തിൽ ആരംഭിച്ചെങ്കിലും അതിനു് ഇവിടെ പരിപൂർണ്ണ വിജയം ലഭിച്ചില്ല. കേരള സമുദായം ഒരളവുവരെ അതിനെ ചെറുത്തുനിന്നു. സംഘകാല സംസ്കാരത്തിൻെറ അവശിഷ്ടങ്ങൾ എന്തെങ്കിലും ശേഷിക്കുന്നുണ്ടെങ്കിൽ അത് കേരളത്തിൽ മാത്രമാണ്. ഒരു സമുദ്രതീര പ്രദേശം (Maritime State) ആകയാൽ കേരളീയർക്കു്, വിശേഷിച്ചു് ഇവിടുത്തെ വാണിക് സമുദായത്തിനു് വിദേശങ്ങളുമായുള്ള ബന്ധം ഒരളവുവരെ തുടർന്നു നിലനിർത്താൻ സാധിച്ചു എന്നതാണ് ഇതിനു കാരണം. എങ്കിലും കേരളത്തിനു വെളിയിൽ ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരുന്ന വ്യതിയാനങ്ങളുടെ അലതല്ലലുകൾ കേരളത്തെയും ബാധിക്കാതിരുന്നില്ല. സംഘകാല സംസ്കാരത്തിനു് ഇവിടെയും ഉലച്ചിൽ തട്ടി. അതു് ഇവിടെയും ജീർണ്ണിച്ചു തുടങ്ങി. ഒരുപക്ഷേ, ആ പ്രത്യേക കാലഘട്ടത്തിൽ പോർത്തുഗീസുകാർ ഇവിടെ എത്തിച്ചേർന്നില്ലായിരുന്നുവെങ്കിൽ ഇവിടെ അവശേഷിച്ച ആ ശോഷിച്ച സംഘ

കാല സംസ്കാരവും എന്നെന്നേക്കുമായി ഒരു തുമ്പും കിട്ടാതെ അന്തർധാനംചെയ്തു പോകുമായിരുന്നു. ഇത്രയും പറഞ്ഞതുകൊണ്ടു് പോർത്തുഗീസുകാർ ഇവിടെ ചെയ്തതെല്ലാം ശരിയാണെന്നു് അർത്ഥമാക്കരുതു്.

സംഘകാലകൃതികളുടെ വസ്തുനിഷ്ഠമായ അവധാനതയോടുകൂടിയ ഒരു പഠനം വിപ്ളവകരമായ പലതും വെളിച്ചത്തു കൊണ്ടുവന്നേക്കാം. സംഘകാല സംസ്കാരത്തെ നൂററാണ്ടുകളിലൂടെ കാത്തു സംരക്ഷിച്ചു പോന്ന കേരളീയരായ നാം വിശേഷിച്ചും കേരള ക്രൈസ്തവർ അതിനു് മുമ്പോട്ടു വരണം എന്ന അഭ്യർത്ഥനയോടും ഞാൻ ഇവിടെ നിരത്തിവച്ച ആശയങ്ങൾ നൂറുമേനിയും അതിലധികവും വിളവു നല്കുന്ന വിത്തുകളായിത്തീരട്ടേ എന്ന പ്രത്യാശയോടുംകൂടെ ഞാൻ ഇതു് ചുരുക്കുന്നു.